# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മാർച്ച് 16

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.എസ്‌സി. (സി.എസ്.എസ്. - 2015-2017 അഡ്മിഷൻ സപ്ലിമെന്ററി, 2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2012, 2013, 2014 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ മാർച്ച് 20 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/398/2020)

ഒന്നാം സെമസ്റ്റർ എം.എ./എം.സി.ജെ./എം.എം.എച്ച്./എം.എസ്.ഡബ്ല്യു./എം.ടി.എ. ആന്റ് എം.ടി.ടി.എം. (2015-2017 അഡ്മിഷൻ സപ്ലിമെന്ററി, 2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/2012, 2013, 2014 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ മാർച്ച് 20 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/399/2020)

ഒന്നാം സെമസ്റ്റർ എം.കോം. (സി.എസ്.എസ്. - 2015-2017 അഡ്മിഷൻ സപ്ലിമെന്ററി, 2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/2012, 2013, 2014 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ മാർച്ച് 20 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/400/2020)

ഒന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം. (2019 അഡ്മിഷൻ റഗുലർ/2018 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 20 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/401/2020)

## പരീക്ഷഫലം

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്‌സി. ബയോഇൻഫർമാറ്റിക്സ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 27 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/402/2020)

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/403/2020)

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. സുവോളജി (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/404/2020)

2019 നവംബറിൽ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടന്ന ഒന്നാം സെമസ്റ്റർ (2019-2021 ബാച്ച്) എം.എ. മലയാളം, ഇംഗ്ലീഷ് - സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/405/2020)

## ചുമതലയേറ്റു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഫിനാൻസ് ഓഫീസറായി ബിജു മാത്യു ചുമതലയേറ്റു. കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനി ലിമിറ്റഡിൽ ഫിനാൻസ് വിഭാഗം ജനറൽ മാനേജരായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ട്സ് ഓഫ് ഇന്ത്യയിൽ ഫെലോഷിപ്പ്

മെമ്പറാണ്. മൂവാറ്റുപുഴ വാഴക്കുളം സ്വദേശിയാണ്. ഭാര്യ: ഡെൻസി ബിജു മകൻ: സബിൻ ബിജു(വിദ്യാർഥി).

(പി.ആർ.ഒ/39/406/2020)

## സെനറ്റ് തെരഞ്ഞെടുപ്പ്; 27 വരെ നാമനിർദ്ദേശപത്രിക പിൻവലിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റിലേക്ക് വിവിധ മണ്ഡലങ്ങളിൽ നിന്ന് ലഭിച്ച സാധുവായ നാമനിർദ്ദേശപത്രിക സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. മാർച്ച് 27ന് രാവിലെ 11.30 വരെ നാമനിർദ്ദേശപത്രിക പിൻവലിക്കാം.

(പി.ആർ.ഒ/39/407/2020)

## ജാഗ്രതയ്ക്ക് നൂറിൽ നൂറ്; കൊറോണ പ്രതിരോധകാലത്തെ സർവകലാശാല പരീക്ഷകൾക്ക് വിജയകരമായ തുടക്കം

**- റഗുലറിനൊപ്പം പ്രൈവറ്റ് പരീക്ഷയും; ഇതാദ്യം**

കോളേജുകളും അധ്യാപകരും വിദ്യാർഥികളും ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ ഒരുമനസോടെ ഏറ്റെടുത്തപ്പോൾ കൊറോണ പ്രതിരോധകാലത്തെ സർവകലാശാല പരീക്ഷകൾക്ക് വിജയകരമായ തുടക്കം. മഹാത്മാ ഗാന്ധി സർവകലാശാലയുടെ ആറാം സെമസ്റ്റർ ബിരുദപരീക്ഷകളാണ് ഇന്നലെ ആരംഭിച്ചത്. കോളേജുകളിൽ അധ്യാപകരും മാനേജ്മെന്റും ചേർന്ന് വിദ്യാർഥികൾക്ക് സാനിറ്റൈസറടക്കമുള്ള സംവിധാനങ്ങൾ ഒരുക്കിയിരുന്നു. ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങളനുസരിച്ചാണ് കോളേജുകൾ പരീക്ഷ നടത്തിപ്പ് സുരക്ഷിതമാക്കിയത്.

ആരോഗ്യവകുപ്പിന്റെ നിരീക്ഷണത്തിലല്ലെങ്കിലും പനിയും മറ്റുമുള്ളവർക്കായി പ്രത്യേക റൂമുകൾ തയാറാക്കി അതീവ ജാഗ്രതയോടെയാണ് കോളേജുകൾ പരീക്ഷ നടത്തിയത്. അധ്യാപകർക്ക് കൈയുറയടക്കം മിക്ക കോളേജുകളും നൽകി. 37506 റഗുലർ വിദ്യാർഥികളും 7753 പ്രൈവറ്റ് വിദ്യാർഥികളുമാണ് ഇന്നലെ അഞ്ചു ജില്ലകളിലായി പരീക്ഷയെഴുതിയത്. ആറാം സെമസ്റ്റർ റഗുലർ പരീക്ഷയ്ക്കൊപ്പംതന്നെ പ്രൈവറ്റ് പരീക്ഷകളും നടത്തുന്നത് ഇതാദ്യമാണ്. പ്രൈവറ്റ് വിദ്യാർഥികളുടെ ഏറെക്കാലത്തെ ആവശ്യമാണ് ഇതിലൂടെ നിറവേറിയത്. ഒരേ ചോദ്യക്കടലാസാണ് റഗുലറിനും പ്രൈവറ്റിനും ഉപയോഗിക്കുന്നത്. സർവകലാശാല വിജയകരമായി നടപ്പാക്കിയ ഓൺലൈൻ ട്രാൻസ്മിഷൻ സംവിധാനത്തിലൂടെയാണ് ചോദ്യക്കടലാസുകൾ കോളേജുകൾക്ക് നൽകുന്നത്. ഇന്നലെ (മാർച്ച് 16) റഗുലർ, പ്രൈവറ്റ് യു.ജി.യുടെ കോർ കോഴ്സിന്റെ പരീക്ഷകളാണ് ഉച്ച കഴിഞ്ഞ് 1.30 മുതൽ 4.30 വരെ നടന്നത്. വെള്ളിയാഴ്ചയൊഴികെ എല്ലാ ദിവസങ്ങളിലും ഉച്ച കഴിഞ്ഞ് 1.30 മുതലാണ് പരീക്ഷ. വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമുതൽ അഞ്ചുവരെയാണ് പരീക്ഷ. ആറാം സെമസ്റ്റർ പരീക്ഷകൾ മാർച്ച് 30ന് അവസാനിക്കും.

എല്ലാവരുടെയും സഹകരണത്തോടെ ആശങ്കകളില്ലാതെ വിജയകരമായി പരീക്ഷകൾ ആരംഭിക്കാൻ കഴിഞ്ഞതായും കോളേജുകൾ പരീക്ഷ നടത്തിപ്പിൽ ജാഗ്രതയോടെയുള്ള മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ചതായും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. ആരോഗ്യവകുപ്പിന്റെ നിരീക്ഷണത്തിലിരിക്കുന്നവർക്കും ലക്ഷദ്വീപിൽ നിന്ന് പരീക്ഷയ്ക്കെത്താൻ കഴിയാത്തവർക്കുമായി പ്രത്യേക പരീക്ഷ നടത്തുമെന്നും വിദ്യാർഥികൾ ആശങ്കപ്പെടേണ്ടതില്ലെന്നും അദ്ദേഹം പറഞ്ഞു. ഇന്ന് (മാർച്ച് 17) ബിരുദം നാലാം സെമസ്റ്റർ പരീക്ഷകൾക്ക് തുടക്കമാകും. വിദ്യാർഥികളുടെ തിരക്കൊഴിവാക്കാൻ ഒന്നിടവിട്ട ദിവസങ്ങളിലാണ് നാല്, ആറ് സെമസ്റ്റർ പരീക്ഷകൾ ക്രമീകരിച്ചിട്ടുള്ളത്. 39,021 വിദ്യാർഥികളാണ് ഏപ്രിൽ ആറുവരെ നടക്കുന്ന നാലാം സെമസ്റ്റർ പരീക്ഷയെഴുതുക.

(പി.ആർ.ഒ/39/408/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2020 മാർച്ച് 16

## വാർത്താക്കുറിപ്പ് 2

# എം.ജി. സർവകലാശാല പരീക്ഷകൾക്ക് മാറ്റമില്ല

## വൈസ് ചാൻസലറുടെ പേരിൽ വ്യാജ സന്ദേശം; സർവകലാശാല കർശന നിയമനടപടിക്ക്

മഹാത്മാഗാന്ധി സർവകലാശാല പരീക്ഷകൾ മുൻ നിശ്ചയപ്രകാരം നടക്കുമെന്നും പരീക്ഷകൾ മാറ്റിവച്ചിട്ടില്ലെന്നും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അറിയിച്ചു. നാലാം സെമസ്റ്റർ യു.ജി. പരീക്ഷകൾ ഇന്ന്(മാർച്ച് 17) ആരംഭിക്കും. നിശ്ചയിച്ച പരീക്ഷളൊന്നും മാറ്റിയിട്ടില്ല. സർവകലാശാല പരീക്ഷകൾ മാറ്റിവച്ചതായും വിദ്യാർഥികൾ കോളജുകളിൽ എത്തേണ്ടതില്ലെന്നും എം.ജി. സർവകലാശാല വൈസ് ചാൻസലറുടെ പേരിൽ സാമൂഹിക മാധ്യമങ്ങളിൽ വ്യാജപ്രചാരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്തരവാദികൾക്കെതിരേ കർശന നിയമനടപടികൾ സ്വീകരിക്കുമെന്ന് സർവകലാശാല അറിയിച്ചു.

(പി.ആർ.ഒ/39/409/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ